പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3109 07/02/2018 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിൽ സിറ്റിസൺ സപ്പോർട്ട് ഡെസ്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ; | (എ) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്. |
| (ബി) | എല്ലാ വില്ലേജുകളിലും പോക്കുവരവ് ഓൺലൈൻ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ; | (ബി) നിലവിൽ 1440 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഓൺലൈൻ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകളിൽ നിന്ന് ഓൺലൈൻ ആയി ലഭിക്കുന്നത് ; | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | വില്ലേജ് ഓഫീസുകളിൽ സിറ്റിസൺ സപ്പോർട്ട് ഡെസ്ക് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു മൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. നിലവിൽ റവന്യൂ വകുപ്പിനു കീഴിലെ 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിച്ചാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്. വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയാൽ ജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും |

സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിന് ഒരു ഓഫീസിൽ തന്നെ പോയാൽ മതിയാകും. കൂടാതെ ഇവിടെ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള മറ്റു വകുപ്പുകളിലെ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

സെക്ഷൻ ഓഫീസർ